**മലയാളം**
**(Malayalam)**

Electoral Commission
SOUTH AUSTRALIA

## എൻറോൾ ചെയ്ത് വോട്ട് രേഖപ്പെടുത്താം

# 2026

# സംസ്ഥാന തെരഞ്ഞെടുപ്പ്

## സംസ്ഥാന തെരഞ്ഞെടുപ്പിനെക്കുറിച്ച്

സൗത്ത് ഓസ്ട്രേലിയൻ പാർലമെന്റിലേക്ക് ആര് വരണമെന്ന് സംസ്ഥാനത്തെ ജനത തീരുമാനമെടുക്കുന്നതാണ് സംസ്ഥാന തെരഞ്ഞെടുപ്പ്. ഓരോ നാല് വർഷം കൂടുമ്പോഴുള്ള മാർച്ച് മാസത്തിലെ മൂന്നാമത്തെ ശനിയാഴ്ചയാണ് ഇത് നടത്തുന്നത്.

## എങ്ങനെയാണ് വോട്ട് ചെയ്യാൻ ഞാൻ രജിസ്റ്റർ ചെയ്യേണ്ടത്?

നിങ്ങൾ എൻറോൾ ചെയ്യുമ്പോൾ, വോട്ട് ചെയ്യാനായി പേര് നൽകിയിട്ടുള്ളവരുടെ പട്ടികയിൽ നിങ്ങളുടെ പേര് ഞങ്ങൾ രജിസ്റ്റർ ചെയ്യും. നിങ്ങൾ വോട്ട് ചെയ്യുന്നത് വഴി, പാർലമെന്റിന്റെ ഭാഗമാകുന്ന ആളെ നിങ്ങൾ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

എൻറോൾ ചെയ്യുന്നതും അല്ലെങ്കിൽ നിങ്ങളുടെ പേര് വിവരങ്ങൾ നല്കുന്നതും വളരെ എളുപ്പമാണ്. ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: ecsa.sa.gov.au
ടോൾ ഫ്രീ നമ്പർ വിളിക്കുക: 1300 655 232

**നിങ്ങൾ നിർബന്ധമായും വോട്ട് ചെയ്യാൻ എൻറോൾ ചെയ്യേണ്ടതാണ്. അതിനായി:**

**സൗത്ത് ഓസ്ട്രേലിയയിൽ കുറഞ്ഞത് ഒരു മാസമെങ്കിലും ജീവിച്ചവരായിരിക്കണം.**

**18 വയസ്സിന് മുകളിൽ പ്രായം ഉള്ളവരായിരിക്കണം**

**ഓസ്ട്രേലിയൻ പൗരനായിരിക്കണം**

എൻറോൾ ചെയ്യുന്നതോടെ സംസ്ഥാന, ഫെഡറൽ, പ്രാദേശിക തെരുഞ്ഞെടുപ്പുകളിൽ വോട്ട് ചെയ്യാം. നിങ്ങൾ വീട് മാറുകയോ പേര് മാറ്റുകയോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ അവ അപ്ഡേറ്റ് ചെയ്യാൻ മറക്കരുത്.

## ഒരു പോളിങ് ബൂത്തിൽ എങ്ങനെയാണ് ഞാൻ വോട്ട് ചെയ്യേണ്ടത്?

നിങ്ങളുടെ സൗകര്യമനുസരിച്ച് വോട്ട് ചെയ്യാനുള്ള നിരവധി സാധ്യതകൾ ഉണ്ട്. പോളിങ് ദിവസം വോട്ട് ചെയ്യുന്നതിന് പുറമെ, മുൻകൂട്ടിവോട്ട്ചെയ്യാനുള്ള കേന്ദ്രങ്ങളിൽ പോയി വോട്ട് രേഖപ്പെടുത്താനും തപാൽ വോട്ടിനായി അപേക്ഷിക്കാനും സാധിക്കും. നിങ്ങളുടെ വീടിനടുത്തുള്ള പോളിങ് ബൂത്തിൽ തെരഞ്ഞെടുപ്പ് ദിവസം വോട്ട് ചെയ്യുന്നതാണ് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം.

നിങ്ങൾ ശാരീരിക വൈകല്യം നേരിടുന്നവരാണെങ്കിൽ അല്ലെങ്കിൽ ഇത്തരത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്നവരെ സംരക്ഷിക്കുന്നവരാണെങ്കിൽ, ഇത്തരം സൗകര്യം ഉള്ള പോളിങ് ബൂത്തുകളെക്കുറിച്ച് അറിയാൻ സന്ദർശിക്കുക ecsa.sa.gov.au.

പോളിങ് ദിവസത്തിന് മുന്നോടിയായി, സൗത്ത് ഓസ്ട്രേലിയൻ ഇലക്ടറൽ കമ്മീഷൻ അടുത്തുള്ള പോളിങ് ബൂത്തുകളുടെ വിവരങ്ങൾ നിങ്ങളെ കത്തിലൂടെ അറിയിക്കും.

വോട്ട് രേഖപ്പെടുത്താൻ വരുമ്പോൾ കൊണ്ടുവരേണ്ട ഈസിവോട്ട് കാർഡും നിങ്ങൾക്ക് ലഭിക്കും. പോളിങ് ബൂത്തുകളെക്കുറിച്ചുള്ള വിവരങ്ങളും ഇവിടെ അറിയാം: ecsa.sa.gov.au.

**പോളിങ് ദിവസം രാവിലെ എട്ട് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ് പോളിങ് ബൂത്തുകൾ തുറന്ന് പ്രവർത്തിക്കുന്നത്.**

**1. നിങ്ങൾ ഒരു പോളിങ് ബൂത്ത് സന്ദർശിക്കുമ്പോൾ, നിങ്ങളുടെ പേര്, മേൽവിലാസം, *"ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾ നേരത്തെ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടോ?"* തുടങ്ങിയ കാര്യങ്ങൾ ചോദിക്കും.**


നിങ്ങളുടെ തിരിച്ചറിയൽ പ്രക്രിയ വേഗത്തിലും എളുപ്പത്തിലുമാക്കാൻ ഈസി വോട്ടിംഗ് കാർഡ് അല്ലെങ്കിൽ നിങ്ങളുടെ പേരും മേല്വിലാസവുമുള്ള മറ്റൊരു രേഖ കൊണ്ടുവരിക.

**2. വോട്ടർ പട്ടികയിൽ നിങ്ങളുടെ പേര് പരിശോധിച്ച ശേഷം,നിങ്ങൾക്ക് രണ്ട് ബാലറ്റ് പേപ്പറുകൾ ലഭിക്കും: ഒന്ന് ഹൗസ് ഓഫ്അസംബ്ലിക്കുള്ളതും (പച്ച) മറ്റൊന്ന് ലെജിസ്ലേറ്റീവ് കൗൺസിലിനുള്ളതും (വെള്ള).**


**3. ബാലറ്റുകളുമായി വോട്ട് ചെയ്യുന്ന ഇടത്തേക്ക് പോകുക. അവിടെ സ്വകാര്യമായി നിങ്ങൾക്ക് വോട്ട് രേഖപ്പെടുത്താം.**

രഹസ്യമായാണ് നിങ്ങൾ വോട്ട് ചെയ്യുന്നത്. എന്നാൽ എന്തെങ്കിലും സഹായം ആവശ്യമെങ്കിൽ ഇലക്ഷൻ ജോലി ചെയ്യുന്നവരോട് ചോദിക്കുക.

**4. ബാലറ്റ് പേപ്പറുകൾ പൂരിപ്പിച്ച ശേഷം, അവ ബാലറ്റ് ബോക്സുകളിൽ ഇടുക.**



# എങ്ങനെ ബാലറ്റ് പേപ്പറുകൾ പൂരിപ്പിക്കാം


South Australia

Issuing Officer Initials

**Ballot Paper**

Election of one Member for the House of Assembly

**DISTRICT**

**Number the squares from 1 to 4 in the order of your choice.**

You are not legally obliged to mark the ballot paper.

| | | |
|---|---|---|
| ☐ | CANDIDATE Name | Political Party or Independent |
| ☐ | CANDIDATE Name | Political Party or Independent |
| ☐ | CANDIDATE Name | Political Party or Independent |
| ☐ | CANDIDATE Name | Political Party or Independent |

After voting, fold the ballot paper and place it in the ballot box or declaration envelope

## നിങ്ങൾക്ക് രണ്ട് ബാലറ്റ് പേപ്പറുകൾ ലഭിക്കും

## 1. ഹൗസ് ഓഫ് അസംബ്ലി ബാലറ്റ് പേപ്പർ

പച്ച നിറത്തിലുള്ള ഹൗസ് ഓഫ് അസംബ്ലി ബാലറ്റ് പേപ്പറിൽ ഉള്ള ഓരോ ചതുരത്തിലും നിങ്ങളുടെ താല്പര്യത്തിനനുസരിച്ച് നിർബന്ധമായും ക്രമമായി നമ്പർ രേഖപ്പെടുത്തണം.

1. **നിങ്ങൾ ഒന്നാമതായി തെരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു സമീപത്തുള്ള ചതുരത്തിൽ '1' എന്ന നമ്പർ രേഖപ്പെടുത്തുക.**
2. **രണ്ടാമതായി നിങ്ങൾ തെരഞ്ഞെടുക്കുന്ന ആൾക്ക് '2' എന്ന് രേഖപ്പെടുത്തുക.**
3. **മൂന്നാമതായി നിങ്ങൾ തെരഞ്ഞെടുക്കുന്ന ആൾക്ക് '3' എന്ന് രേഖപ്പെടുത്തുക.**

**... അത്തരത്തിൽ എല്ലാ ചതുരവും പൂരിപ്പിക്കണം.**

**തെറ്റുപറ്റിയാൽ നിങ്ങൾ പേടിക്കേണ്ട. തെറ്റായി രേഖപ്പെടുത്തിയതിന്റെ മുകളിലൂടെ ഒരു വരയിടുക. എന്നിട്ട് അതിന് സമീപത്തായി ശരിയായ വിവരം എഴുതുക. അല്ലെങ്കിൽ ഇലക്ടറൽ ഓഫീസറോട് മറ്റൊരു ബാലറ്റ് പേപ്പർ ചോദിക്കാം.**

**എന്തെങ്കിലും തെറ്റ് വരുത്തിയാൽ സ്റ്റാഫിനോട് സഹായം അഭ്യർത്ഥിക്കുക**

# 2. ലെജിസ്ലേറ്റീവ് കൗൺസിൽ ബാലറ്റ് പേപ്പർ

നിങ്ങൾക്ക് രണ്ട് തരത്തിൽ വോട്ട് ചെയ്യാം - കട്ടിയായ വരയ്ക്ക് മുകളിലായോ വരയ്ക്ക് താഴെയായോ - ***എന്നാൽ രണ്ടിടത്തും കൂടി വോട്ട് ചെയ്യാൻ പാടുള്ളതല്ല.***

## കട്ടിയായ വരയ്ക്ക് മുകളിലായി വോട്ട് ചെയ്യുന്നത്:

കട്ടിയായ വരയ്ക്ക് മുകളിലായി വോട്ട് ചെയ്യാനാണ് നിങ്ങൾ തീരുമാനിക്കുന്നതെങ്കിൽ:

1. **നിങ്ങൾ വോട്ട് ചെയ്യാൻ ഒന്നാമതായി തെരഞ്ഞെടുക്കുന്ന പാർട്ടിയുടേയോ സ്ഥാനാർത്ഥി ഗ്രൂപ്പുകളുടെയോ പേരിന് നേരെയുള്ള ചതുരത്തിൽ '1' എന്ന് രേഖപ്പെടുത്തുക.**
2. **നിങ്ങൾ രണ്ടാമതായി തിരഞ്ഞെടുക്കുന്നതിന്റെ നേരെ '2' എന്ന് എഴുതുക,** നിങ്ങൾക്ക് താല്പര്യമുള്ള അത്രയും പാർട്ടികൾക്കോ സ്ഥാനാർത്ഥി ഗ്രൂപ്പുകൾക്കോ നേരെയും ഇതേപോലെ ചെയ്യുക.

എല്ലാ ചതുരത്തിലും നമ്പർ ഇടണമെന്ന് നിർബന്ധമില്ല. ബാലറ്റ് പേപ്പറിന്റെ ബാക്കി ഭാഗം ശൂന്യമായിടാം. കട്ടിയുള്ള വരയ്ക്ക് താഴെ ഒന്നും രേഖപ്പെടുത്തരുത്.

കട്ടിയുള്ള വരയ്ക്ക് മുകളിൽ വോട്ട് ചെയ്യുന്നത് വഴി, നിങ്ങൾ തെരഞ്ഞെടുത്ത ഗ്രൂപ്പുകളിൽ ഉള്ള സ്ഥാനാർത്ഥികൾക്ക് (അഥവാ ഗ്രൂപ്പുകൾക്ക്) ആണ് നിങ്ങൾ വോട്ട് നൽകുന്നത്.

South Australia, 2026 Election

**Ballot Paper for the Election of 11 Legislative Councillors**

You may vote in one of two ways. You are not legally obliged to mark the ballot paper.

**If you vote ABOVE the line**

If you vote above the line write the number 1 in the square next to the group of your choice. You can show more choices if you want to by writing numbers in other squares starting with the number 2.
Do not write any numbers below the line.

| A | B | C | D | E |
|---|---|---|---|---|
| ☐ Environment First Party | ☐ Shine Australia | ☐ The People's Party | ☐ Farmer's Alliance | ☐ Southern Cross Party |

**OR**

**If you vote BELOW the line**

If you vote below the line write the numbers 1 to 12 in the squares next to the names of the candidates in the order of your choice. You can show more choices if you want to by continuing to write numbers in more squares. You don't need to write a number in every square.
Do not write any numbers above the line.

| A | B | C | D | E |
|---|---|---|---|---|
| ☐ Lauren Hall | ☐ Finn Robinson | ☐ Anita Holland | ☐ Winston Barker | ☐ Naomi Lee |
| ☐ Tony Matic | ☐ Latika Fischer | ☐ Joshua McCall | ☐ Nina Harris | ☐ Felix Barker |
| ☐ Jane Nguyen | ☐ Andy McMahon | ☐ Imane Caskey | ☐ John Thompson | ☐ Jennie Rodriguez |
| ☐ Oliver Bloom | ☐ Helen Park | ☐ Ahren Patel | ☐ Rachel McKinnon | ☐ Rory Lane |
| ☐ Sasha Crown | ☐ James Ludwig | ☐ Vanessa Hollow | ☐ Jeremy Choi | ☐ Katrina Sebastian |
| ☐ Travis Alves | ☐ Ophelia Knight | ☐ Porter Smith | ☐ Courtney Wilson | ☐ Noah Stringer |

Issuing Officer Initials

After voting, fold the ballot paper and place it in the ballot box or in the envelope provided.

## കട്ടിയുള്ള വരയ്ക്ക് താഴെയായി വോട്ട് ചെയ്യുന്നത്:


കട്ടിയായ വരയ്ക്ക് താഴെയായി വോട്ട് ചെയ്യാനാണ് നിങ്ങൾ തീരുമാനിക്കുന്നതെങ്കിൽ:

1. **നിങ്ങൾ വോട്ട് ചെയ്യാൻ ഒന്നാമതായി തെരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരെയുള്ള ചതുരത്തിൽ '1' എന്ന് രേഖപ്പെടുത്തുക.**
2. **നിങ്ങൾ രണ്ടാമതായി തെരഞ്ഞെടുക്കുന്ന സ്ഥാനാർത്ഥിയുടെ പേരിന് നേരെ '2' എന്ന് എഴുതുക**
3. **അത്തരത്തിൽ നിങ്ങൾ തെരഞ്ഞെടുക്കുന്ന മറ്റ് സ്ഥാനാർത്ഥികളുടെ പേരുകൾക്ക് നേരെയുള്ള ചതുരത്തിൽ 3, 4, 5, 6 എന്ന് രേഖപ്പെടുത്തുക. *കുറഞ്ഞത് 12 സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് വരെ ഇങ്ങനെ നമ്പർ ഇടണം.***

12 സ്ഥാനാർഥികളിൽ കൂടുതൽ നിങ്ങൾക്ക് നമ്പർ രേഖപ്പെടുത്താം.

# പോളിങ് ബൂത്തിൽ പോകാൻ സാധിച്ചില്ലെങ്കിൽ എന്ത് ചെയ്യും?

നിങ്ങൾക്ക് പോളിങ് ബൂത്തിൽ പോകാൻ സാധിക്കാതെ വരികയോ സംസ്ഥാനത്തിന് പുറത്തേക്ക് പോകേണ്ടാതായി വരികയോ ചെയ്താൽ വോട്ട് ചെയ്യാൻ മറ്റ് മാർഗങ്ങളുണ്ട്.



## പോസ്റ്റലായി വോട്ട് ചെയ്യാം

ബാലറ്റ് പേപ്പർ പോസ്റ്റലായി ലഭിക്കാൻ നിങ്ങൾക്ക് അപേക്ഷിക്കാം. അതിനായി പോസ്റ്റൽ വോട്ട് ആപ്ലിക്കേഷൻ ഫോം പൂരിപ്പിച്ച് നൽകുക. തെരഞ്ഞെടുപ്പിന് **ഏതാണ്ട് ആറ് ആഴ്ചയ്ക്ക് മുൻപ്** ഇത് ലഭ്യമാകും.

**ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: ecsa.sa.gov.au**

**ടോൾ ഫ്രീ നമ്പറിൽ വിളിക്കുക : 1300 655 232**

ഇലക്ഷൻ കമ്മീഷൻ ഓഫ് സൗത്ത് ഓസ്ട്രേലിയ നിങ്ങളുടെ അപേക്ഷ പരിശോധിച്ച് ബാലറ്റ് പേപ്പറുകൾ അയയ്ക്കും. ഇത് വോട്ടിന് ഏതാണ്ട് രണ്ടാഴ്ച മുൻപ് മുതൽ തുടങ്ങും.

**സൗത്ത് ഓസ്ട്രേലിയയ്ക്ക് പുറത്തുള്ളവർ:** പോസ്റ്റൽ വോട്ടിനായി പോളിങ് ദിവസത്തിന് എട്ട് ദിവസം മുൻപ് അപേക്ഷിക്കണം.

**സൗത്ത് ഓസ്ട്രേലിയിൽ ഉള്ളവർ:** പോസ്റ്റൽ വോട്ടിനായി പോളിങ് ദിവസത്തിന് നാല് ദിവസം മുൻപ് അപേക്ഷിക്കണം.

നിങ്ങൾക്ക് ബാലറ്റ് പേപ്പറുകൾ ലഭിച്ചുകഴിഞ്ഞാൽ, എത്രയും വേഗം പൂരിപ്പിച്ച് തിരിച്ചയയ്ക്കുക.

പോളിങ് ദിവസവും അതിന് മുൻപും പോളിങ് സ്റ്റാഫ് ചില ആശുപത്രികളും നഴ്സിംഗ് ഹോമുകളും സന്ദർശിക്കും.

## മറ്റു സംസ്ഥാനത്ത് നിന്നും വോട്ട് ചെയ്യുമ്പോൾ

ഓസ്ട്രേലിയയുടെ എല്ലാ തലസ്ഥാന നഗരങ്ങളിലും ഏർലി വോട്ടിംഗ് കേന്ദ്രങ്ങൾ ഉണ്ടാവും. ഏർലി വോട്ടിംഗ് കേന്ദ്രങ്ങൾ എവിടെയൊക്കെ ഉണ്ടെന്ന് അറിയാൻ ഞങ്ങളെ ബന്ധപ്പെടുകയോ വെബ്സൈറ്റ് സന്ദശിക്കുകയോ ചെയ്യാവുന്നതാണ്.

**ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക: ecsa.sa.gov.au**

**ടോൾ ഫ്രീ നമ്പറിൽ വിളിക്കുക : 1300 655 232**

## കാഴ്ച ശക്തി കുറഞ്ഞവർക്കും മറ്റ് വൈകല്യങ്ങൾ ഉള്ളവർക്കും ടെലിഫോണിലൂടെ വോട്ട് ചെയ്യാം

ചലന വൈകല്യമുള്ളവർക്കും, അന്ധർക്കും, കാഴ്ച ശക്തി കുറഞ്ഞവർക്കും ടെലിഫോൺ വോട്ടിംഗ് അസ്സിസ്റ്റൻസ് ഇപ്പോൾ ലഭ്യമാണ്.

**നിങ്ങൾക്ക് ഒരു ഭാഷാപരിഭാഷകയെ ആവശ്യമുണ്ടോ?**
നിങ്ങൾക്ക് ഒരു പരിഭാഷകന്റെ സേവനം ആവശ്യമുണ്ടെങ്കിൽ ട്രാൻസ്ലേഷൻ ആൻഡ് ഇന്റർപ്രെറ്റേഷൻ സർവീസിനെ(TIS National) 131450 എന്ന നമ്പറിൽ ബന്ധപ്പെടുക. എന്നിട്ട് 1300 655 232 എന്ന നമ്പറിൽ ഇലക്ട്റൽ കമ്മീഷൻ ഓഫ് സൗത്ത് ഓസ്ട്രേലിയയെ കണക്റ്റ് ചെയ്യാൻ ആവശ്യപ്പെടുക.

**പ്രവർത്തന സമയം: തിങ്കൾ-വെള്ളി | രാവിലെ 9:00 മുതൽ വൈകിട്ട് 5:00 മണി വരെ.**



**പ്രധാനപ്പെട്ട കാര്യം - വോട്ടിംഗ് നിർബന്ധമാണ്. വോട്ട് ചെയ്യാതിരുന്നാൽ നിങ്ങളിൽ നിന്ന് പിഴ ഈടാക്കും.**

**നിങ്ങൾക്ക് വോട്ട് ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ 1300 655 232 എന്ന നമ്പറിൽ ECSA ബന്ധപ്പെടുക.**

Electoral Commission
SOUTH AUSTRALIA

ecsa.sa.gov.au

facebook.com/SAelections

1300 655 232